(ബി) തീരദേശ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമായ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി വ്യക്തിഗത ടോയ്ലെറ്റുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായവും പബ്ലിക് ടോയ്ലെറ്റുകൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികളും ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ഇതിനാവശ്യമായ ഉക ബന്ധപ്പെട്ട ഓഫീസർമാർക്കും തീരദേശ വികസന കോർപ്പറേഷനും സമയബന്ധിതമായി അനുവദിക്കുകയും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി ഫിഷറീസ് വകുപ്പ് തലത്തിലും സർക്കാർ തലത്തിലും വിലയിരുത്തുകയും ചെയ്യുന്നു.

**പത്തനംതിട്ടയിലെ വിമാനത്താവളം**

133 (3240) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ല കേന്ദ്രീകരിച്ച് സ്വകാര്യ കമ്പനി വിമാനത്താവളം നിർമ്മിക്കുന്നത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; ഈ നീക്കത്തിന് എന്തെങ്കിലും അനുമതി നൽകിയിട്ടുണ്ടോ;

(ബി) ആറൻമുള വിമാനത്താവള സംരംഭത്തിന് മേൽപ്പറഞ്ഞ നീക്കം ഏതെങ്കിലും തരത്തിലുള്ള വിഘാതം സൃഷ്ടിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി) ആറന്മുള വിമാനത്താവളത്തിന് കേന്ദ്ര പ്രതിരോധ മന്ത്രാലയം നൽകിയ എൻ.ഒ.സി. പിൻവലിച്ചതിന്റെ അടിസ്ഥാനത്തിൽ ആറന്മുള വിമാന പദ്ധതിക്ക് നൽകിയ "In Principle" അംഗീകാരം പിൻവലിച്ചതായി കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയവും മറ്റ് നിയമപരമായ ഏജൻസികളും നിഷ്കർഷിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുകയാണെങ്കിൽ പദ്ധതി അനുവദിക്കാവുന്നതാണെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly